പെരുങ്ങോല സർവ്വീസ് സഹകരണ ബാങ്ക്

95 (441) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി-ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായംകുളം അസംബ്ലി മണ്ഡലത്തിൽ ഉൾപ്പെട്ടതും 6425 അംഗങ്ങൾ ഉള്ളതും, പ്രവർത്തന മൂലധനം 28.5 കോടി രൂപയുള്ളതും, നിലവിൽ 15% ലാഭവിഹിതവും നൽകിവരുന്ന പെരുങ്ങോല സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 2152 പ്രഭാതസായാഹ്ന ശാഖയ്ക്ക് 17-2-2014-ലും, പുതിയ ബ്രാഞ്ച് ആരംഭിക്കുന്ന 19-7-2014-ലും ആലപ്പുഴ ജോയിന്റ് രജിസ്ട്രാർക്ക് നൽകിയ അപേക്ഷയിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) പുതിയ ബ്രാഞ്ചിനും, പ്രഭാത സായാഹ്ന ശാഖയ്ക്കും എല്ലാ ഭൗതിക സാഹചര്യങ്ങളും ഒരുക്കിയിരിക്കുന്ന സാഹചര്യത്തിൽ ഈ ബാങ്കിന്റെ പുതിയ ബ്രാഞ്ചും പ്രഭാതസായാഹ്ന ശാഖയും ആരംഭിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ &ബി) പെരുങ്ങോല സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 2152-ന് ഒരു പ്രഭാത സായാഹ്ന ശാഖ ആരംഭിക്കുന്നതിനുള്ള അപേക്ഷ 17-2-2014-ന് ജോയിന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിൽ ലഭിച്ചിരുന്നുവെങ്കിലും ലോക്സഭ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ആലപ്പുഴ ജില്ലയിൽ അരൂർ നിയോജക മണ്ഡത്തിന്റെ അസിസ്റ്റന്റ് റിട്ടേണിംഗ് ആഫീസറായി പ്രവർത്തിക്കേണ്ടി വന്ന സാഹചര്യത്തിൽ ഈ ഫയലിൽ തുടർ നടപടി ലോക്സഭ തെരഞ്ഞെടുപ്പ് നടപടി പൂർത്തിയായതിന് ശേഷമാണ് ആരംഭിച്ചത്. തുടർന്ന് ഈ ഫയലിലെ ന്യൂനത പരിഹരിച്ച് നൽകുന്നതിനായി മാവേലിക്കര അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) മുഖേന നടപടി സ്വീകരിക്കുകയും 5-2-2015-ൽ ജോയിന്റ് സർവ്വേ നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ 4-3-2015-ൽ പ്രഭാത സായാഹ്ന ശാഖ അനുവദിച്ച നൽകുകയും ചെയ്തിട്ടുണ്ട്.

ഈ ബാങ്കിന്റെ പുതിയ ശാഖ വളഞ്ഞ നടക്കാവിൽ ആരംഭിക്കുന്നതിനുള്ള അനുവാദത്തിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷയിലെ ന്യൂനത പരിഹരിച്ച് ജോയിന്റ് സർവ്വേ ഉൾപ്പെടെയുള്ള നടപടികൾ ജോയിന്റ് രജിസ്ട്രാർ തലത്തിൽ സ്വീകരിച്ച് വരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly